**ക്രമപ്രശ്നം**

**വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഭയിൽ വിതരണം ചെയ്യാത്തത് സംബന്ധിച്ച്**

ശ്രീ. കെ. സി. ജോസഫ്: സർ, അതീവ ഗുരുതരമായ വിഷയമാണിത്. ഇന്നത്തെ കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനമായ "Discussion and voting on the Vote on Account for the Financial Year 2019-2020" ചർച്ച ചെയ്യാൻ പോകുകയാണ്. ഈ സഭയിൽ നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ 301-ാം ഖണ്ഡികയിൽ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിക്കുകയുണ്ടായി. എന്നാൽ ഇന്നലെ അദ്ദേഹം നടത്തിയ മറുപടി പ്രസംഗത്തിൽ ഈ ഫിഗറിലെല്ലാം വലിയ മാറ്റം വന്നിരിക്കുകയാണ്. ഇടുക്കി പദ്ധതിക്കുവേണ്ടി 5000 കോടി രൂപയടക്കം, അപ്രായോഗികമായ നിർദ്ദേശങ്ങൾ അടക്കമുള്ള ചെലവ് കണക്കുകളും പ്രളയ സെസ്സിന്റെ പിരിവ് നീട്ടിവച്ചതുമെല്ലാം അടക്കം ഈ എസ്റ്റിമേറ്റ് അയഥാർത്ഥ്യമാണ്. അദ്ദേഹം ഇന്നലെ കണക്ക് വായിക്കുകയുണ്ടായി. സാമാന്യമായ നീതിയനുസരിച്ച് അദ്ദേഹം വായിച്ച കണക്കിന്റെ റിട്ടൺ സ്റ്റേറ്റ്മെന്റ് ഞങ്ങൾക്ക് നൽകേണ്ടതായിരുന്നു. ഞങ്ങൾ ഇന്നലെ കവറിൽ പ്രതീക്ഷിച്ചു, വന്നില്ല. ഇന്ന് രാവിലെ പോലും നൽകിയില്ല. വോട്ട് ഓൺ അക്കൗണ്ട് ചർച്ചയാരംഭിക്കുന്ന സമയത്തുപോലും അദ്ദേഹത്തിന്റെ

ഭാഗത്തുനിന്നും ഏത് വോട്ട് ഓൺ അക്കൗണ്ടാണ് ചർച്ച ചെയ്യാൻ പോകുന്നത്; ഏത് അക്കൗണ്ടിലാണ് വോട്ട് ചെയ്യാൻ പോകുന്നത് എന്ന് ഞങ്ങൾക്കറിയില്ല. വളരെ vague ആണ്. ഇത് സഭയോടുള്ള വലിയ അവഹേളനമാണ്, സഭയോടുള്ള വലിയ നിന്ദ്യമായ പ്രവർത്തിയാണ്. അതുകൊണ്ട് അങ്ങ് ഇടപെടണം. മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഞാൻ ഖേദപൂർവ്വം പറയട്ടെ, അദ്ദേഹം ഒരു ഹോംവർക്ക് ചെയ്യാതെയാണ് ബഡ്ജറ്റ് പോലും അവതരിപ്പിച്ചത്. അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഘടനയിൽ വലിയ മാറ്റം വന്നിരിക്കുകയാണ്. പ്രളയ സെസ് പിരിക്കുന്നത് മാറ്റിവച്ചുവെന്നത് അദ്ദേഹത്തിന് ആലോചിക്കാനുള്ള ദീർഘവീക്ഷണമുണ്ടായില്ല എന്നത് നിർഭാഗ്യകരമല്ലേ; അതുകൊണ്ട് ഈ ചർച്ചയ്ക്കുമുമ്പായി ഈ സഭയിൽ ഞങ്ങൾ വോട്ട് ചെയ്യേണ്ട അക്കൗണ്ട് സംബന്ധിച്ചുള്ള വിശദമായ സ്റ്റേറ്റ്മെന്റ് വയ്ക്കുവാൻ അങ്ങ് നിർദ്ദേശം കൊടുക്കണം. ഈ നടപടി ശരിയല്ല. മേലിൽ ഇതാവർത്തിക്കാൻ പാടില്ല എന്ന് അങ്ങ് ദയവായി റൂൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇത്തരത്തിൽ മറുപടി പ്രസംഗത്തിലും ടൈയിലുമെല്ലാം മാറ്റം വരാറുണ്ട്. പക്ഷേ ഇതുവരെ ഞാൻ പിറ്റേദിവസം തന്നെ സ്റ്റേറ്റ്മെന്റ് സഭയിൽ സർക്കുലേറ്റ് ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർമാർക്ക് വേണമെങ്കിൽ ഒരു പ്രയാസമില്ലാത്ത കാര്യമാണ്. എത്രയും പെട്ടെന്ന് സർക്കുലേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കാം. ടൈയിൽ വന്ന മാറ്റങ്ങളെല്ലാം ഇന്നലെ ഇവിടെ പ്രസന്റ് ചെയ്തിട്ടുള്ളതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അദ്ദേഹം ഈ സീറ്റിലിരിക്കുമ്പോൾ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ബഡ്ജറ്റിൽ ഉണ്ടായ മാറ്റങ്ങളും ഭേദഗതികളും സംബന്ധിച്ച് പിന്നീട് അദ്ദേഹം സ്റ്റേറ്റ്മെന്റ് വയ്ക്കാത്തതിനെപ്പറ്റി വിമർശിച്ചതാണ്. അങ്ങ് സീറ്റ് മാറിയതേയുള്ളൂ, അഭിപ്രായം മാറരുത്. വേണമെങ്കിൽ കൊടുക്കാമെന്നാണ് അദ്ദേഹം പറയുന്നത്. അങ്ങനെയാണോ പറയേണ്ടത്; പറ്റിയ വീഴ്ച അഡ്മിറ്റ് ചെയ്യണം, അദ്ദേഹം സ്റ്റേറ്റ്മെന്റ് വയ്ക്കേണ്ടതായിരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഇത് നടപടി ചട്ടങ്ങളിൽ വളരെ വ്യക്തമായി പറയുന്നതാണ്. അദ്ദേഹം ബഡ്ജറ്റിന് മറുപടി

പറയുന്ന സന്ദർഭത്തിൽ എല്ലാ ധനകാര്യ വകുപ്പുമന്ത്രിമാരും അങ്ങനെ ചില ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നത് സ്വാഭാവികമാണ്. പക്ഷേ അതിന്റെ റിട്ടൺ സ്റ്റേറ്റ്മെന്റ് സഭാംഗങ്ങൾക്ക് ഇന്നലെത്തന്നെ വിതരണം ചെയ്യേണ്ടതായിരുന്നു. അല്ലെങ്കിൽ ഇന്ന് രാവിലെ ലഭ്യമാക്കേണ്ടതായിരുന്നു. നമ്മൾ ഏതിനുവേണ്ടിയാണ് വോട്ട് ചെയ്യേണ്ടത് എന്ന കാര്യത്തിൽ ഒരു വ്യക്തത വരുത്തണം. വേണമെങ്കിൽ തരാമെന്ന് അദ്ദേഹം പറഞ്ഞത് ശരിയായില്ല. ഇപ്പോൾ തന്നെ സർക്കുലേറ്റ് ചെയ്യാനുള്ള നിർദ്ദേശം അങ്ങ് കൊടുക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്തിനാണ് വോട്ട് ചെയ്യാൻ പോകുന്നത് എന്ന് ചോദിച്ചുകഴിഞ്ഞാൽ ഇവിടെ വോട്ട് ഓൺ അക്കൗണ്ട് വിശദമായി ഏതൊക്കെ ഇനത്തിൽ, ഏതൊക്ക ഹെഡ്ഡിൽ, എത്ര വീതം എന്ന് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്, അതിന്മേലാണ് വോട്ടിംഗ്. അത് സഭയുടെ രേഖയിലുണ്ട്. ഞാൻ ഇതിനുവേണ്ടി സഭയിൽ സമർപ്പിക്കാൻ പോകുന്നു. അതിന്മേലാണ് വോട്ടിംഗ്. ഇവിടെ പറഞ്ഞകാര്യം, ഇതുവരെയുള്ള എന്റെ അനുഭവത്തിൽ, മറുപടി പ്രസംഗത്തിൽ വന്ന മാറ്റങ്ങൾ ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടില്ല. ടൈയിൽ എന്താണ് മാറ്റം; ടൈയിൽ എന്താണ് മാറ്റം വന്നതെന്ന് പറയണമെന്ന് ആവശ്യപ്പെട്ടു. ഈ വിഷയം എന്റെ ആദ്യത്തെ ബഡ്ജറ്റിലും

കെ. എം. മാണി സാർ ചോദിച്ചിട്ടുണ്ട്. അന്ന് എനിക്കതിനെക്കുറിച്ച് വേണ്ടത്ര പിടിപാടില്ലാത്തതുകൊണ്ട് ഉണ്ടായ സന്ദർഭം എന്തെന്ന് എല്ലാവർക്കും ഓർമ്മയുണ്ടാകും. അല്ലാതെ നിങ്ങൾ പറയുന്ന രീതിയിലുള്ള പരാമർശമൊന്നും അവിടെയിരുന്ന് ഞാൻ നടത്തിയിട്ടില്ല. സഭാരേഖകൾ നോക്കാവുന്നതാണ്. അങ്ങ് പറയുന്നതുപോലെ എന്ത് റൂളിംഗ് നൽകിയാലും അതനുസരിച്ച് ചെയ്യാം.